

INDIAN CATHOLIC COMMUNITY
Tivoligasse 20, A-1120 Vienna, Austria, Tel: +43 1 8174206 Mobile: 069911966771
ഇന്ത്യൻ കത്തോലിക്കാ സമൂഹം വിയന്ന



ICC Bulletin Vol. 6. 1 www.iccvienna.org February – March 2011

# Election of ICC Parish Committee - 2011-2014

വിവിധ കത്തോലിക്കാ സഭാ വിഭാഗങ്ങളിൽപ്പെട്ട പ്രവാസി മലയാളികളുടെ അംഗീകൃതവുമായ ഇടവക കൂട്ടായ്മയാണല്ലോ വിയന്നായിലെ നമ്മുടെ ഇന്ത്യൻ കാത്തലിക്ക് കമ്മ്യൂണിറ്റി. നമ്മുടെ ഇടവകസമൂഹത്തിന്റെ കെട്ടുറപ്പിന്റേയും വളർച്ചയുടേയും ശക്തമായ ആവിഷ്ക്കാര മുഹൂർത്തമാണ് ഇടവകക്കമ്മിറ്റിയുടെ രൂപീകരണാവസരം. ഏറെ ഉത്തരവാദിത്ത്വമേറിയ ഈ പ്രക്രിയ നമ്മുടെ വിശ്വാസത്തിന്റെ പ്രഘോഷണവും നമ്മുടെ ആത്മീയകൂട്ടായ്മയുടെ സാക്ഷ്യവുമാണ്. യേശുവിന്റെ മൗതീക ശരീരമായ തിരുസ്സഭയിൽ നമ്മൾ പങ്കുചേർന്ന് രുപപ്പെടുത്തിയ ഇടവക സമൂഹത്തെ ദൈവാത്മാവ് വളർത്തുകയും ശക്തിപ്പെടുത്തുകയും ജീവസമൃദ്ധിയിലേയ്ക്ക് നയിക്കുകയും ചെയ്യുന്നതിന്റെ പ്രത്യക്ഷമായ തെളിവാണത്. ആകയാൽ ഈ ദൈവീകപദ്ധതിയിൽ ആത്മാർത്ഥമായി പങ്കുചേരുകയും അവയുടെ വിജയത്തിനായി പ്രാർത്ഥിക്കുകയും പ്രയത്നിക്കുകയും ചെയ്യുന്ന നമ്മുടെ ഇടവകയിലെ വ്യക്തികളേയും പ്രസ്ഥാനങ്ങളേയും കുടുംബങ്ങളേയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**Declaration of the ICC Parish Committee Election**: I - P. Thomas Thandappilly, ICC Chaplain - am glad to announce on behalf of the Archdiocese of Vienna, as per the decision of the present ICC Parish Committee, the dates and the procedure of the Election of the ICC Parish Committee for a period of 3 years from 3rd July 2011 to 3rd July 2014:

1. Issue of Election Notification : 27th Feb. 2011
2. Receipt of Nominations : 6th March 2011 onwards
3. Last date for Receipt of Nominations : 8th May 2011 till 19. 00hrs
4. Last date for withdrawal of Nominations : 15th May 2011 till 19. 00hrs
5. Scrutiny & Finalization of eligible Candidates : 16th May 2011
6. Introduction of Candidates after Holy Mass : 22nd May 2011

a). **Polling date : 29th May 2011**
b). **Polling time : Meidling 10. 30 to 11.15 hrs & 12. 45 to 14.00 hrs.**
**Stadlau 16. 15 to 17. 15 hrs & 18. 45 to 20. 00 hrs.**
c). Counting of Votes : 29th May 2011 begins at 20.30 hrs at Stadlau
d). Declaration of Results and Announcement of the Number of Votes polled by the Candidates: after the completion of the Counting, to be also published in the ICC Website.
e). First Sitting and Election of General convener and Conveners of ICC task groups :17th June 2011.

The ICC Parish Committee Election will be conducted by the newly constituted Election Commission, which includes the following members: 1). Mr. Steephen Chevookaran (Convener). 2). Mr. Kurian Aninilkumparambil. 3). Mr. Tom Arathil. 4). Mr. Tomichan Parukannil. 5). Mr. Jim George Kuzhiyil. ICC Parish Committee is constituted of the following members: A). Members to be elected from the following seven ecclesial regions/communities by the ICC Parish Community:

1. ERNAKULAM-ANGAMALY Archepiscopal Region
   *(Diocese of Ernakulam-Angamaly, Idukki and Kothamangalam)*
2. CHANGANACHERRY Archepiscopal Region
   *(Diocese of Changanacherry, Kanjirappily,Thackalai and Palai)*
3. THRISSUR Archepiscopal Region
   *(Diocese of Thrissur, Irinjalakkuda, Palakkad and Ramanathapuram)*
4. THALASSERY Archepiscopal Region
   *(Diocese of Thalassery, Mananthavady,Thamarassery, Belthangady, Badravathi,Mandya)*
5. KOTTAYAM Archepiscopal Region
   *(Present Juridical Members of the Knanaya Catholic Community)*
6. SYRO MALANKARA Catholic Community
   *(Members of the Malankara Catholic Community)*
7. KERALA LATIN Community
   *(Members of the Kerala Latin Catholic Community)*

B). Representatives from the Kairaly Nikethan School and from the ICC Catechism Unit. One member each will be internally elected from these Units under the supervision of the Election Commission, and the validly elected members will be formally taken in the ICC Parish Committee with the approval of the ICC Chaplain as per Consti. Nr. 6. Kindly give the voters list of eligible members of these ICC Units to the Convener of the Election Commission.

C). Members appointed by the ICC Chaplain. This can be a maximum number of four members.

D). Priests-members of the ICC Parish Committee: ICC Chaplain and Assistant Chaplain.

For further information, please refer PGR Constitution / Guidelines which is now available on ICC Website

## താഴെപ്പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക

1). നമ്മുടെ മലയാളി ഇടവകയുടെ ഘടനാപരമായ രൂപീകരണത്തിൽ ഏഴ് വിഭാഗങ്ങളായി തിരിച്ച് ഓരോ വിഭാഗത്തിൽനിന്നും ഓരോ അംഗത്തെ വീതം ഇടവകാംഗങ്ങൾ തെരെഞ്ഞെടുക്കുന്നതിനുള്ള അവകാശവും അംഗീകാരവും വിയന്ന അതിരൂപത ICCയ്ക്ക് നൽകിയിരിക്കുകയാണല്ലൊ. ആയതിനാൽ ഓരോ വിഭാഗത്തിൽനിന്നും ഓരോരുത്തർക്കുമാത്രം വോട്ടുരേഖപ്പെടുത്തി തെരെഞ്ഞെടുക്കുക. ഒരു വിഭാഗത്തിൽ ഒരാൾ മാത്രമെ പേര് നൽകിയിട്ടുള്ളുവെങ്കിലും അയാൾക്കു് വോട്ടു് ചെയ്യേണ്ടതാണ്.

2). ഏഴ് വിഭാഗങ്ങളിൽ പേര് നൽകിയിട്ടുള്ള ഏതെങ്കിലും വ്യക്തികൾ പള്ളിക്കമ്മറ്റിയിൽ അംഗമാകുന്നത് നിങ്ങൾക്ക് താത്പര്യമില്ലായെങ്കിൽ ആ വ്യക്തികൾക്ക് ് വോട്ട് ചെയ്യണമെന്നില്ല.

3). ഒന്നിൽ കൂടുതൽ അംഗങ്ങൾ പേര് നൽകിയിട്ടുള്ള വിഭാഗങ്ങളിൽ നിങ്ങൾക്ക് ഏറ്റവും സ്വീകാര്യനായ ഒരാൾക്ക് മാത്രം വോട്ട് ചെയ്യുക.

4). ഒരാൾമാത്രം പേര് നൽകിയിരിക്കുന്ന വിഭാഗത്തിലെ വ്യക്തിയ്ക്ക് 50%വും ഒര് വോട്ടും കൂടുതൽ ലഭിക്കുന്നില്ലെങ്കിൽ അയാൾ തെരെഞ്ഞെടുക്കപ്പെടുകയില്ല. അങ്ങനെയെങ്കിൽ ആ വിഭാഗത്തിന് കമ്മറ്റിയുടെ അടുത്ത 3 വർഷത്തെ പ്രവർത്തന കാലഘട്ടത്തിൽ പ്രാതിനിധ്യം ലഭിക്കുകയില്ല. വിയന്ന അതിരൂപത അംഗീകരിച്ച് നൽകിയിരിക്കുന്ന പ്രാതിനിധ്യാവകാശം ആ വിഭാഗത്തിലെ മറ്റാർക്കും ഈ ടേമിൽ സ്വീകരിക്കാൻ താത്പര്യമില്ല എന്നർത്ഥം. അതുകൊണ്ട് ആ സീറ്റ് ഒഴിവായി കിടക്കും.

5). ICCയിൽ ഇപ്പോൾ രജിസ്റ്റർ ചെയ്തിരിക്കുന്ന 29 മേയ്, 2011നു് 18 വയസ്സ് പൂർത്തിയാകുന്ന എല്ലാവർക്കും വോട്ടവകാശം വിനിയോഗിക്കാവുന്നതാണ്. The Youth must bring their Ausweis to verify their age before the Election Commission, in case of doubt.

6). വർഷത്തിൽ ഏകദേശം 25 ഞായറാഴ്ചയെങ്കിലും വിയന്ന മലയാളി കത്തോലിക്കാ ഇടവകയിലെ മലയാളം കുർബ്ബാനയിൽ സംബന്ധിക്കുന്നവരെയാണ് പള്ളിക്കമ്മിറ്റിയിലേയ്ക്ക് തെരെഞ്ഞെടുക്കേണ്ടതെന്നു് Const. Nr.9§b സൂചിപ്പിക്കുന്നു. ഇക്കാര്യം പരിഗണിച്ച് വോട്ടു ചെയ്യേണ്ടതാണ്.

7). മറ്റൊരു പ്രധാന കാര്യം: „Verpflichtung zur Zahlung des vorgeschriebenen Kirchenbeitrags und des ICC-Sonderbeitrags (den der Pfarrgemeinderat jeweils festlegt) nachkommen und bereit sind, Augaben und Pflichten im PGR zu erfüllen.“ Const. Nr. 9§b.

8). ഒരു ഇടവക ഭരണസമിതിയുടെ കെട്ടുറപ്പിനും ആശയ വിനിമയത്തിനും പ്രവർത്തനങ്ങൾക്കും അത്യാവശ്യമായ കാര്യം സമിതിയംഗങ്ങളുടെ കൂട്ടായ്മയും പരസ്പര വിശ്വാസവും ദൈവത്തോടും ഇടവക സമൂഹത്തോടുമുള്ള സമർപ്പണ ചൈതന്യവുമാണ്. അതുപോലെതന്നെ വളരെ പ്രധാനമായതാണ്, പള്ളിക്കമ്മിറ്റിയുടെ വിശ്വാസ്യത–Confidentiality–കാത്തുസൂക്ഷിക്കുവാനുള്ള പ്രതിബദ്ധതയും. ആയതിനാൽ സഭാസ്നേഹവും ശുശ്രൂഷാ മനോഭാവവും മേൽപ്പറഞ്ഞ ഗുണങ്ങളുമുള്ളവരെമാത്രം പള്ളിക്കമ്മിറ്റിയിലേയ്ക്ക് തെരെഞ്ഞെടുത്തയയ്ക്കുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ.

9). സ്ത്രീകൾ സമൂഹത്തിലും സഭയിലും മുൻനിരയിൽ വരണമെന്നും സഭാസമിതികളിൽ അവർക്ക് അർഹമായ പ്രാതിനിധ്യവും തുല്യതയും നൽകണമെന്നുമുള്ള കത്തോലിക്കാസഭയുടെ ആഹ്വാനമനുസരിച്ച് നമ്മുടെ പള്ളിക്കമ്മിറ്റിയിലേയ്ക്ക് ഇടവകാംഗങ്ങളായ സ്ത്രീകളുടെ സജീവപങ്കാളിത്തം ഉണ്ടാകുവാൻ ശ്രമിക്കുമല്ലോ.

10). മേയ് ്29ന് ഞായറാഴ്ച നമ്മുടെ ഇടവകയിലെ വോട്ടവകാശമുള്ള എല്ലാ അംഗങ്ങളും മലയാളം കുർബ്ബാനയ്ക്ക് മുമ്പോ അതിനുശേഷമോ Meidlingലോ Stadlauലോ വന്ന് വോട്ട് ചെയ്യണമെന്നു് അഭ്യർത്ഥിക്കുന്നു. ഇത് നമ്മുടെ വിശ്വാസത്തിന്റെയും സഭയിലുള്ള നമ്മുടെ പങ്കാളിത്ത്വത്തിന്റേയും പരസ്യമായ പ്രഘോഷണമാണ്.

പ്രാർത്ഥനയുടേയും ജീവിത നവീകരണത്തിന്റേയും ആഹ്വാനവുമായെത്തുന്ന നോമ്പുകാലത്തിലേയ്ക്ക് ഉണർവ്വോടും ആത്മീയചൈതന്യത്തോടും കൂടി നമുക്ക് പ്രവേശിക്കാം. ദൈവം നമ്മെ ഓരോരുത്തരേയും നമ്മുടെ കുടുംബങ്ങളേയും നമ്മുടെ ഇടവകയേയും അനുഗ്രഹിക്കട്ടെ.
ആശംസകളോടെ,

P. Thomas Thandappilly CST : ICC Chaplain
P. Joy Plathottathil SVD: ICC Assistant Chaplain

Vienna, 27. 2. 2011

*Verleger : Steephen Chevookaran, Media & Communications for the Indian Catholic Community*